ചിരന്തന മാധ്യമ പുരസ്കാരം വിതരണം ചെയ്തു

ദുബായ്: ചിരന്തന മാധ്യമ പുരസ്കാരം ഷാർജ ഇന്ത്യൻ അസോസിയേഷൻ പ്രസിഡന്റ് കെ. ബാലകൃഷ്ണൻ വിതരണം ചെയ്തു. യു.എ.ഇ എക്സ്ചേഞ്ച് മീഡിയ മാനേജർ കെ.കെ. മൊയ്തീൻ കോയ ഉദ്ഘാടനം ചെയ്തു. ചിരന്തൻ പ്രസിഡന്റ് പുന്നക്കൻ മുഹമ്മദലി അധ്യക്ഷത വഹിച്ചു. കെ.എം. അബ്ബാസ്, എൻ.എം. അബൂബക്കർ എന്നിവർ പുരസ്കാരം ഏറ്റുവാങ്ങി. വിനോദ് ജോൺ, നിസാർ തളങ്കര, ഇസ്മയിൽ മേലടി, പോൾ ജോസഫ്, ടി.പി. ബഷീർ, ഇല്യാസ് എ. റഹ്മാൻ, ഫൈസൽ ബിൻ അഹമ്മദ്, ടി.പി. മഹമൂദ് ഹാജി, ഷീല പോൾ, ഇസ്മയിൽ ഏറാമല എന്നിവർ സംസാരിച്ചു. സെക്രട്ടറി ഫസലുദ്ദീൻ ശൂരനാട് സ്വാഗതവും കെ.വി. ഫൈസൽ നന്ദിയും പറഞ്ഞു. മലയാള മനോരമ ചീഫ് എഡിറ്റർ കെ. എം. മാത്യുവിന്റെ നിര്യാണത്തിൽ യോഗം അനുശോചിച്ചു.



ഗ്രെയ്സ് ഭാരവാഹികൾ റിയാദിൽ പത്രസമ്മേളനത്തിൽ.

ഡഫോഡിൽസ് ചെറുകഥാ പുരസ്കാരം രാജു ഇരിങ്ങലിന്



ദുബായ്: ഡഫോഡിൽസ് ഗ്രൂപ്പ് അഞ്ചാം വാർഷികത്തോടനുബന്ധിച്ച് മഴ എന്ന വിഷയത്തിൽ നടത്തിയ ചെറുകഥാ പുരസ്കാരത്തിന് രാജു ഇരിങ്ങൽ അർഹനായി. ബഹ്റൈൻ കേരളീയ സമാജത്തിന്റെ ജാലകം മാഗസിൻ എഡിറ്റോറിയൽ അംഗം കൂടിയായ രാജു മനാമയിൽ ജോലി ചെയ്യുന്നു.

ഗോൾഡൻ ഡഫോഡിൽസ് പുരസ്കാരത്തിന് അനീസ് കൊടിയത്തൂരും അർഹനായി.

ദുബായ് ആസ്ഥാനമായി പ്രവർത്തിക്കുന്ന സൗഹൃദ സംഘടനയായ ഡഫോഡിൽസ് ഗ്രൂപ്പ് സാംസ്കാരിക-ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമാണ്.

'ന്യൂനപക്ഷ രാഷ്ട്രീയം - ദർശനവും ദൗത്യവും' കാലിക പ്രസക്തിയുള്ള രചന

റിയാദ്: ന്യൂനപക്ഷ രാഷ്ട്രീയം-ദർശനവും ദൗത്യവും എന്ന പുസ്തകം തീർത്തും കാലിക പ്രസക്തിയുള്ളതാണെന്ന് പ്രസാധകരായ ഗ്രെയ്സ് ഏജുകേഷണൽ അസോസിയേഷൻ റിയാദ് ചാപ്റ്റർ ഭാരവാഹികൾ പത്രസമ്മേളനത്തിൽ പറഞ്ഞു. സാംസ്കാരിക രംഗത്ത് സജീവ ചർച്ചാവിഷയമായ സമകാല രാഷ്ട്രീയം അടക്കം പുതിയ വിഷയങ്ങൾ ചർച്ച ചെയ്യുന്ന പുസ്തകം ന്യൂനപക്ഷ രാഷ്ട്രീയത്തിന്റെ വികാസ പരിണാമവും ദൗത്യവും കൈകാര്യം ചെയ്യുന്നുണ്ട് -ഷാജി ആലപ്പുഴ വ്യക്തമാക്കി.

കോഴിക്കോട്ടു നടന്ന ചടങ്ങിൽ കെ. വേണുവിന് കോപ്പി നൽകി പാണക്കാട് ഹൈദരലി ശിഹാബ് തങ്ങളാണ് ഇന്നലെ പുസ്തകത്തിന്റെ പ്രകാശനം നിർവഹിച്ചത്. പി.കെ കുഞ്ഞാലിക്കുട്ടി മുഖ്യ പ്രഭാഷകനായിരുന്നു. നേരത്തെ റഹീം മേച്ചേരിയുടെ തെരഞ്ഞെടുത്ത ലേഖനങ്ങൾ ഗ്രെയ്സ് അസോസിയേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹൈദരലി ശിഹാബ് തങ്ങൾ പ്രസിഡന്റും അഷ്റഫ് തങ്ങൾ ചെട്ടിപ്പടി (റിയാദ്) സെക്രട്ടറിയുമായ കമ്മിറ്റിയാണ് ഗ്രെയ്സ് പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. ബഷീർ താമരശ്ശേരി, ശാഫിഹാജി മൊച്ചേരി, അബ്ദുൽ ഹമീദ്, കുഞ്ഞിപ്പ ഹാജി എന്നിവരും പത്രസമ്മേളനത്തിൽ സംബന്ധിച്ചു.

ഏറാമലയിൽ കൊലപ്പെട്ട സൈനികരുടെ മൃതദേഹങ്ങൾ ഖബറടക്കി